നമ്പർ: 312/2024

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

മലങ്കര സഭയ്ക്ക് സുധീരമായ നേതൃത്വം നൽകിയ ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസിലെ 61-ാം ഓർമ്മപ്പെരുന്നാൾ 2025 ജനുവരി മാസം 2, 3 (വ്യാഴം, വെള്ളി) തീയതികളിൽ ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ ആഘോഷിക്കുകയാണ്. വിശുദ്ധ ജീവിതം നയിച്ചിരുന്ന ഈ പുണ്യപിതാവിന്റെ കബറിടം ഇന്ന് അനേകർക്ക് ആശ്വാസ സങ്കേതമായി നിലകൊള്ളുന്നു. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടൊപ്പം, ദേവലോകം അരമന ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവാ, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ എന്നീ പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളുകൾ കൂടി സംയുക്തമായി നടത്തുന്ന പതിവാണല്ലോ നമുക്കുള്ളത്. ജനുവരി 2-ാം തീയതി വ്യാഴാഴ്ച 6.30 മണിക്ക് സന്ധ്യാനമസ്കാരവും, 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 6.30 മണിക്ക് പ്രഭാത നമസ്കാരവും 7.30 മണിക്ക് വി. കുർബ്ബാനയും ആരംഭിക്കും. തുടർന്ന് പ്രദക്ഷിണം, കൈമുത്ത്, നേർച്ചവിളമ്പ് എന്നിവയോടുകൂടി പെരുന്നാൾ ശുശ്രൂഷകൾ സമാപിക്കും. ശുശ്രൂഷകൾക്ക് നാമും, നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. ഓർമ്മപ്പെരുന്നാളിൽ വിശ്വാസികളേവരും പ്രാർത്ഥനാപൂർവ്വം നേർച്ച കാഴ്ചകളോടുകൂടി വന്ന് സംബന്ധിക്കണം. തീർത്ഥാടകരായി എത്തിച്ചേരുന്ന സംഘങ്ങൾ പ്രസ്തുത വിവരം ദേവലോകം അരമന മാനേജരെ അറിയിക്കേണ്ടതാണ്. പരിശുദ്ധ പിതാക്കന്മാരുടെ മദ്ധ്യസ്ഥത നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ............

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 ഡിസംബർ മാസം 16-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.